DESPATCHED On..29/06/2020

16. 3. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2321**(7)/2013/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15277**/എസ്.ഐ.സി-ജി 6/13)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി രേണുക,
പരാപറമ്പുവെളി,
തിരുനെല്ലൂർ പി.ഒ., ചേർത്തല. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
തണ്ണീർമുക്കം തെക്ക് വില്ലേജ്,
മുഹമ്മ, ആലപ്പുഴ – 688 525.

2. അപ്പീൽ അധികാരി,
താലൂക്ക് ഓഫീസ്, ചേർത്തല,
ആലപ്പുഴ ജില്ല.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.10.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.11.2012 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.05.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.07.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.10.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 28.10.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീമതി രേണുക, 28.10.2013ന്

സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2321(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ വ്യത്യസ്തമായ മറുപടികളാണ് നൽകിയതെന്നും ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 16.10.2012ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 09.11.2012ൽ മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പിലിന് 26.07.2013ന് മറുപടി നൽകിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 04.12.2013ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ പരാതിക്ക് ആസ്പദമായ പോക്കു വരവ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ചേർത്തല തഹസിൽദാർ, ആലപ്പുഴ ആർ.ഡി.ഒ., ആലപ്പുഴ ജില്ലാ കളക്ടർ, എന്നിവർക്ക് നൽകിയിട്ടുള്ളതും പരാതിക്കാർ ഉൾപ്പെടെയുള്ള എല്ലാ കക്ഷികളെയും നേരിട്ട് ഹിയറിംഗ് നടത്തി ആലപ്പുഴ ആർ.ഡി.ഒ. പരാതിക്ക് അടിസ്ഥാനമില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തള്ളിക്കളഞ്ഞുവെന്നുമാണ്. കൂടാതെ വില്ലേജിലെ തണ്ടപ്പേർ പകർപ്പിന്റെ കോപ്പിയും താലൂക്കിൽ നിന്നും നൽകിയ കോപ്പിയും വ്യത്യാസം വന്നതിനെക്കുറിച്ച് താലൂക്കിലും ആലപ്പുഴ ജില്ലാ കളക്ടർക്കും മറുപടി നൽകിയിട്ടുണ്ടെന്നും ടി വിവരം ഹർജിക്കാരിയെ അറിയിച്ചുവെന്നുമാണ്. ഹർജിക്കാരി മുൻ വില്ലേജ് ഓഫീസർ മുമ്പാകെ പോക്കുവരവ് സംബന്ധിച്ച് ആക്ഷേപം നൽകിയിട്ടുള്ള വിവരം പെൻസിലിൽ രേഖപ്പെടുത്തിയിരുന്നുവെന്നും ടിയാളുടെ ആക്ഷേപത്തിൽ കഴമ്പില്ലെന്നു ബോധ്യപ്പെട്ട് താലൂക്കിൽ നിന്നും ഉത്തരവു ലഭിച്ച് എ-ഫോറം തയ്യാറാക്കുന്ന സമയം പെൻസിലിൽ എഴുതിയത് മായ്ച്ചുകളഞ്ഞുവെന്നും ടി രേഖ മായ്ച്ചുകളയുന്നതിനു മുമ്പും പോക്കുവരവ് കഴിഞ്ഞുമുള്ള തണ്ടപ്പേർ കോപ്പിയുടെ വ്യത്യാസം സംബന്ധിച്ചാണ് ഹർജിക്കാരി ആക്ഷേപമുന്നയിച്ചിരിക്കുന്നത്. എന്നാൽ പിന്നീട് അവകാശികളെ കക്ഷി ചേർക്കുന്നതുമായും ശ്രീ.പ്രകാശന്റെ പേരിൽ കരം ഒടുക്കുവാൻ

സൂചിപ്പിച്ചിട്ടുള്ളതുമായ ഉത്തരവിന്റെ പ്രസക്തഭാഗം പോക്കുവരവ് നടപടിക്രമങ്ങളുടെ ഭാഗമായിട്ടുള്ള എ-ഫാറത്തിന്റെ പകർപ്പ് ഹർജിക്കാരിയ്ക്ക് നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരിയുടെ പരാതിയിൽ പറയുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്നു മേലുദ്യോഗസ്ഥർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ എല്ലാ പരാതികളും തള്ളിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും ടി വിഷയം സംബന്ധിച്ച് 07.11.2019ൽ ആർ.ഡി.ഒ. മുമ്പാകെ വിചാരണ നടന്നിട്ടുണ്ടെന്നുമാണ്. എന്നാൽ ടി വിചാരണ സംബന്ധിച്ച് അന്വേഷണം നടത്തി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)